File No.IND-E1/202/2017-IND

EDR (273)

Office of the Mission Director MGNREGS Government of Kerala
09 AUG 2017
1830

MGNREGA State Mission
Section.........
Mission Director
JDC
DDC
ADC

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - കയർ വികസനം - മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം - ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന് സാങ്കേതിക സമിതി രൂപീകരിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വ്യവസായ (ഇ) വകുപ്പ്**

**സ.ഉ.(സാധാ)/1117/2017/വ്യവ. തിരുവനന്തപുരം, തീയതി, 02/08/2017**

പരാമർശം:- 1) 16.02.2017 തീയതിയിലെ സ.ഉ.(കൈ) നം.97/17/തസ്വഭവ
2) സ.ഉ. (സാധാ) നം.1019/2017/വ്യവ തീയതി 15.07.2017
3) കയർ വികസന ഡയറക്ടറുടെ 22.07.2017-ലെ സി.പി.6/2127/2017 നം. കത്ത്.

**ഉത്തരവ്**

സംസ്ഥാനത്ത് കയർ ഭൂവസ്ത്രത്തിന്റെ വിപണനത്തിനും വിതരണത്തിനുമായി വ്യവസ്ഥകൾ നിശ്ചയിച്ചും പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനും മേൽ നോട്ടത്തിനുമായി കയർ ഭൂവസ്ത്ര വിലനിർണ്ണയ സമിതി രൂപീകരിച്ചും പരാമർശം ഒന്ന് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ ഏറ്റെടുക്കുന്ന പ്രവർത്തികളിൽ അനുയോജ്യമായ ഇനം കയർഭൂവസ്ത്രം തിരഞ്ഞെടുക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സാങ്കേതിക മാർഗ്ഗ നിർദ്ദേശങ്ങൾ പ്രദാനം ചെയ്യുന്നതിന് ഒരു സാങ്കേതിക സമിതി രൂപീകരിക്കണമെന്ന് പരാമർശം രണ്ട് പ്രകാരം കയർ വികസന ഡയറക്ടർ അഭ്യർഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുമ്പോൾ ആവശ്യമായ കയർ ഭൂവസ്ത്രത്തിന്റെ ഇനം, ന്യായവില, വിപണിവില, ജൈവ പ്രബലനം നടത്തുന്നതിന് അനുയോജ്യമായ സസ്യയിനം തുടങ്ങിയവ നിർണ്ണയിക്കുന്നതിന് സംസ്ഥാനതലത്തിൽ ചുവടെ പറയും പ്രകാരം സാങ്കേതിക സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

1. കയർ വികസന ഡയറക്ടർ - അദ്ധ്യക്ഷൻ
2. ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സ്റ്റേറ്റ് മിഷൻ - കൺവീനർ
3. ഡയറക്ടർ, എൻ.സി.എം.ആർ.ഐ - അംഗം
4. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് - അംഗം

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മത്തായി.എൻ.വി**

**അണ്ടർ സെക്രട്ടറി**

കയർ വികസന ഡയറക്ടർ, തിരുവനന്തപുരം.

14/8/17

File No.IND-E1/202/2017-IND

ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പദ്ധതി സ്റ്റേറ്റ് മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, എൻ.സി.എം.ആർ.ഐ, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടൻറ് ജനറൽ (എ ആൻ്റ് ഇ) കേരള, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ